**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2341** **21-01-2021 - ൽ മറുപടിയ്ക്ക്**

**കൊല്ലം റോഡ്സ് ഡിവിഷനിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിലെ കൊല്ലം റോഡ്സ് ഡിവിഷനിൽ നടന്ന വിവിധ ക്രമക്കേടുകൾ സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; | (എ) | ധനകാര്യ പരിശോധനാ സാങ്കേതികേതര വിഭാഗം പൊതുമരാമത്ത് വകുപ്പിലെ കൊല്ലം റോഡ്സ് ഡിവിഷനിൽ നടന്ന വിവിധ ക്രമക്കേടുകൾ സംബന്ധിച്ച് ധനകാര്യ പരിശോധനാ സാങ്കേതിക വിഭാഗം, പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗം എന്നിവരുടെ പങ്കാളിത്തത്തോടെ അന്വേഷണം നടത്തുകയും ഇത് സംബന്ധമായ പരിശോധനാ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ക്രമക്കേടുകൾ സംബന്ധിച്ച വിശദവിവരം നൽകുമോ ; | (ബി) | അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ക്രമക്കേടുകളുടെ സംക്ഷിപത വിവരം ചുവടെ ചേർക്കുന്നു: 1. S/R 2016-17 Providing 20 mm bit cc to Anchalumood-Kureepuzha Road എന്ന പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. ആനന്ദ് വിനായക്-ന് 06/12/2018-ൽ മാത്രം ലഭ്യമായ മുദ്രപത്രങ്ങളുടെ തീയതി തിരുത്തി 12/06/2018 -ൽ 46/EE/2018-19 നമ്പരിൽ വ്യാജ എഗ്രിമെന്റ്, വ്യാജ എം-ബുക്ക് എന്നിവ സൃഷ്ടിച്ച് വ്യാജ രേഖകളുടെ അടിസ്ഥാനത്തിൽ കരാറുകാരന് 15,59,087/- രൂപ അനധികൃതമായി അനുവദിച്ച നൽകി. യഥാർത്ഥത്തിൽ മേൽ പ്രവൃത്തി ഭൗതികമായി നടപ്പിലാക്കിയിട്ടില്ലെന്ന് ക്വാളിറ്റി പരിശോധനകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. 2. B/W 2017-18 Improvements by providing DGBM & BC to Neeravil road & Anchalumood-Kureepuzha road ch:2/000 to 4/320 പ്രവൃത്തി യഥാവിധി നടപ്പിലാക്കാതെ തെറ്റായ അളവുകളിന്മേൽ കരാറുകാരന് തുക അനുവദിച്ച കൊടുത്തതിലൂടെ സർക്കാർ ഖജനാവിന് 5,85,072/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. കൂടാതെ ഈ പ്രവൃത്തിയുടെ ക്വാളിറ്റി പരിശോധന യഥാസമയം യഥാവിധി നടപ്പിലാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത റിപ്പോർട്ടിൽ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (സി) | സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ട്. S/R 2016-17 Providing 20 mm bit cc to Anchalumood-Kureepuzha Road എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് 15,59,087/- രൂപയും, B/W 2017-18 Improvements by providing DGBM & BC to Neeravil road & Anchalumood-Kureepuzha road ch:2/000 to 4/320 എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് 5,85,072/- രൂപയും ചേർത്ത് ആകെ 21,44,159/- രൂപ പൊതുഖജനാവിന് നഷ്ടം വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റിപ്പോർട്ടിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ശിപാർശ നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ ; ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ഡി) | പരിശോധനാ റിപ്പോർട്ടിൽ താഴെപ്പറയുന്ന 7 ഉദ്യോഗസ്ഥർക്കെതിരേ നടപടികൾ ശിപാർശ ചെയ്തിട്ടുണ്ട്. 1) ശ്രീ. ഉണ്ണികൃഷ്ണൻ നായർ. ജി, സൂപ്രണ്ടിംഗ് എഞ്ചിനീയർ (നിലവിൽ) 2) ശ്രീ. സാജൻ. ഡി, എക്സിക്യൂട്ടീവ് എഞ്ചിനീയർ 3) ശ്രീമതി. ശോഭ. വി.ആർ അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ 4) ശ്രീമതി. പ്രജിത ചന്ദ്രൻ, അസി എഞ്ചിനീയർ 5) ശ്രീമതി.സുനിത്ര. എസ്, ഓവർസിയർ ഗ്രേഡ്-3 6) ശ്രീ. ജ്യോതി. ജി. എസ്, അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ ശിപാർശകളിന്മേലുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്. |
| (ഇ) | പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (ഇ) | പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് (138 പേജ്) ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ